പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2002. 12-02-2013 -ൽ മറുപടിക്ക്.

## വടകര, നാദാപുരം, പേരാമ്പ്ര റേഞ്ചുകളിൽ മദ്യവിപത്തിനെതിരെ ബോധവൽക്കരണ പരിപാടി

ചോദ്യം

ശ്രീമതി കെ. കെ. ലതിക:

ഉത്തരം

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) എക്സൈസ് വകുപ്പ് മദ്യവിപത്തിനെതിരായി നടത്തുന്ന ബോധവൽക്കരണ പരിപാടികളിൽ വടകര, നാദാപുരം, പേരാമ്പ്ര എക്സൈസ് റേഞ്ചുകളിൽ എന്തെല്ലാം പരിപാടികളാണ് നടത്തിയത് എന്ന് വ്യക്തമാക്കുമോ;

(എ) വടകര റെയ്ഞ്ചിൽ, ബോധവൽക്കരണ ക്ലാസുകൾ, നാടകം എന്നിവയും, സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. നാദാപുരം റെയ്ഞ്ചിൽ ബോധവൽക്കരണ ക്ലാസുകൾ, പ്രഭാഷണം, ചിത്രരചന, ചിത്ര പ്രദർശനം, മാജിക് ഷോ, നാടകം, ആദിവാസി കോളനികളിലെ ഊരുകൂട്ടം, കോളനികളിലെ സ്പെഷ്യൽ സ്കൂളുകളിൽ വിദ്യാർത്ഥി കൂട്ടം എന്നിവയും നടത്തുകയുണ്ടായി. പേരാമ്പ്ര സർക്കിളിൽ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ, നാടകം, സന്ദേശയാത്ര, ചിത്രരചനാ മത്സരം, ബോധവൽക്കരണ കൂട്ടയോട്ടം എന്നീ പരിപാടികൾ നടത്തുകയുണ്ടായി.

(ബി) പ്രസ്തുത റേഞ്ചുകളിൽ ഏതെല്ലാം സ്ഥലത്താണ് പരിപാടികൾ നടത്തിയതെന്നും ജനപങ്കാളിത്തം എത്രയുണ്ടായിരുന്നെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റേഞ്ചുകളിൽ, പരിപാടികൾ നടത്തിയ സ്ഥലങ്ങളും, ജനപങ്കാളിത്തം സംബന്ധിച്ച കണക്കും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഓരോ പരിപാടിക്കും എത്ര തുക വീതം ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

(സി)

| | |
|---|---|
| നാടകം | 1,53,060/- രൂപ |
| ചിത്രരചന | 14,427/- രൂപ |
| ബോധവൽക്കരണ ക്ലാസുകൾ | 9,230/- രൂപ |
| സി.ഡി. പ്രദർശനം | 2,350/- രൂപ |
| സന്ദേശ യാത്ര | 5,000/- രൂപ |
| മാജിക് ഷോ | 5,281/- രൂപ |
| കൂട്ടയോട്ടം | 8,420/- രൂപ |

സെക്ഷൻ ആഫീസർ